കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.Ksad.kerala.gov.in

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം.(പി6)1900/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം,
ഫോൺ.നം. 04842422271

email.doekm.ksad@kerala.gov.in

തീയതി30.11.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.ഇ.കെ.എം.(പി6)1900/2016. തീയതി.30.11.2016

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ

## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2015മുതൽ 31.7.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിക്കുച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി | 15.10.2016മുതൽ 21.10.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| 2 | ശ്രീമതി ജോമോൾ എം.ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ പ്രസൂൺ പി.ജെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീ വിജു എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 5 | ശ്രീ ജോഷി തോമസ് | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ കെ.എ. എഫ്. കുര്യാക്കോസ് 1.4.2015 മുതൽ .31.10.2015 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 1.11.2015മുതൽ 18.11.2015. വരെ

ശ്രീമതി.ജലജ മോഹനൻ 19.11.2015 മുതൽ 31.3.2016 വരെ

സെക്രട്ടറി

ശ്രീമതി.ടി.ആർ.കുസുമം (സെക്രട്ടറി ഇൻ ചാർജ് ) 1.4.2015 മുതൽ 12.4.2015വരെ
ശ്രീ ബിബൻ ജോസഫ് 13.4.2015 മുതൽ 31.3.2016 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് | |
|---|---|---|---|
| ശ്രീമതി.ടി.ആർ.കുസുമം | അസിസ്റ്റന്റ് സെക്രട്ടറി | 1.4.2015 | 31.5.2015 |
| ശ്രീമതി.കെ.എൻ.ശാന്തി | അസിസ്റ്റന്റ് സെക്രട്ടറി (ഡെപ്യൂട്ടേഷൻ) | 3.6.2015 | 18.8.2015 |
| ശ്രീമതി. ബിനു വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 20.8.2015 | 31.3.2016 |
| ശ്രീ.പി.എ.പ്രദീപ് | അസിസ്റ്റന്റ് എഞ്ചിനീയർ | 1.4.2015 | 31.3.2016 |
| ശ്രീ സതീഷ് കുമാർ | കൃഷി ഓഫീസർ | 1.4.2015 | 31.3.2016 |
| ഡോ.കെ.സി.മിനി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1.4.2015 | 31.5.2015 |
| ഡോ.എ.കെ.റാണി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1.6.2015 | 31.3.2016 |

| | | | |
|---|---|---|---|
| ഡോ.ലീല ജോസഫ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1.4.2015 | 31.10.2015 |
| ഡോ.വിപിൻ മോഹൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1.11.2015 | 31.3.2016 |
| ശ്രീമതി ശുഭ കെ.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1.4.2015 | 31.3.2016 |
| ശ്രീ സിബിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുലയറ്റിക്കര & അധിക ചുമതല കുലയറ്റിക്കര 10.12.2015 മുതൽ) | 1.4.2015 | 9.12.2015 |
| ശ്രീമതി രാജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആമ്പല്ലൂർ) | 1.4.2015 | 31.3.2016 |
| ശ്രീമതി ഖദീജ കെ.എ. | ഹെഡ് മാസ്റ്റർ, GLPS | 1.4.2015 | 31.3.2016 |
| ശ്രീ സലിം മണിക്ഫൻ | വെറ്റിനറി സർജൻ | 1.4.2015 | 31.3.2016 |
| ശ്രീ മനോജ് കുമാർ എം. | ഡയറി ഫാം ഇൻസ്പെക്ടർ | 1.4.2015 | 31.3.2016 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | അനുബന്ധ പത്രികകൾ | 1-11 | |
| | ഭാഗം 2<br>ഇല്ല | | |
| | ഭാഗം - 3 | | |
| 1 | പൈപ്പ് ലൈൻ നീട്ടൽ- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല | 3-1 | |
| 2 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-2 | |
| 3 | ആദായനികുതി -സ്രോതസ്സിൽ നിന്നുംനികുതി കിഴിവു നടത്തിയില്ല | 3-3 | |
| 4 | വെള്ളക്കരം കുടിശികതുക - പിഴപലിശ ചുമത്തുന്നത് | 3-4 | |
| 5 | മരാമത്ത് പ്രവൃത്തികൾ പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ | 3-5 | |
| 6 | മരാമത്ത് പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരില്ല | 3-6 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1 / 29.1.2015 | 1 / 29.2.2016 |

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (- )/ (+) |
|---|---|---|---|
| വസ്തു നികുതി | 5000000 | 3486690 | -1513310 |
| തൊഴിൽ നികുതി | 1680000 | 1368900 | -311100 |
| വാടക | 603750 | 521425 | -82325 |
| പരസ്യം | 26250 | 30000 | 3750 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 288750 | 141500 | -147250 |
| വിനോദ നികുതി (പ്രദർശന നികുതി) | 1500 | 3000 | 1500 |
| പെർമിറ്റ് ഫീസ് | 100000 | 116795 | 16795 |
| സേവന നികുതി | 0 | 0 | 0 |
| ലേലങ്ങൾ (മാർക്കറ്റ്) | 404250 | 150900 | -253350 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 442450 | 383189 | -59261 |

പഞ്ചായത്തിന്റെ ബജറ്റ് തനതു വരുമാനത്തിന്റെ കാര്യത്തിൽ യഥാർത്ഥ ഡിമാന്റുമായി ബന്ധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് മേൽകണക്കുകളിൽ നിന്നും വ്യക്തമാണ്. വസ്തു നികുതിയിനത്തിൽ 69.73% ശതമാനം മാത്രമാണ് യഥാർത്ഥ ഡിമാന്റ്. ഈയിനത്തിൽ 1513310 രൂപ ഡിമാന്റിൽ കുറവുണ്ട്. തൊഴിൽ നികുതിയിൽ 311100 രൂപയുടെയും ലേലങ്ങൾ (മാർക്കറ്റ്) 253350 രൂപയുടേയും ഡിമാന്റിൽ കുറവുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ഡിമാന്റുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 4.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 17763462 |
| വരവ് | 39130526 |
| ആകെ | 56893988 |
| ചെലവ് | 48846282 |
| നീക്കിബാക്കി | 8047706 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് തുക | നീക്കി ബാ ക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 350914 | 5182166 | 3707450 | 9240530 | 9240530 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 2540787 | 4150214 | (-) 1283936 | 5407065 | 5407065 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1503607 | 6674992 | 0 | 8178599 | 8178599 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 418179 | 2410575 | 0 | 2828754 | 2828754 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 577524 | 3235426 | (-)73974 | 3738976 | 3738976 | 0 |
| ലോക ബാങ്ക് സഹായം | 2548000 | 2260526 | (-) 2349540 | 2458986 | 2458986 | 0 |

| ക്രമ നം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 9240530 | 9240530 | 100 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 7156787 | 5407065 | 75.55 |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 8308607 | 8178599 | 98.43 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2894179 | 2828754 | 97.74 |

| | | | | |
|---|---|---|---|---|
| 5 | ലോക ബാങ്ക് സഹായം | 2548000 | 2458986 | 96.51 |

വികസന ഫണ്ട് പൊതു വിഭാഗത്തിൽ 9240530 രൂപയാണ് വകയിരുത്തിയത്. എന്നാൽ ബജറ്റ് അലോക്കേഷനേക്കാൾ 2497036/- രൂപ കൂടുതൽ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ഈ തുകക്കുള്ള പ്രോജക്ടുകൾ പഞ്ചായത്ത് തയ്യാറാക്കി യിട്ടില്ലാത്തതിനാൽ ഈ തുക ചെലവഴിക്കുവാൻ കഴിഞ്ഞില്ല. ഈ തുകയുടെ വിവരം മേൽകണക്കുകളിൽപ്പെടുത്തിയിട്ടില്ല. മറ്റു ഫണ്ടുകളിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുവാൻ പഞ്ചായത്തിന് കഴിയാതിരുന്നതിനാൽ ബാക്കി തുക ലാപ്സായി പോയിട്ടുണ്ട്. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 173 | 166 | 14 | 7 | 87.86 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 13 | 5457708 | 4756071 | 87.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 3155749 | 2823417 | 89.47 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 106 | 28752704 | 19617227 | 68.23 |
| കൃഷി ഓഫീസർ | 4 | 4 | 850000 | 700000 | 82.35 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 541531 | 540000 | 99.72 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 4 | 4 | 933734 | 922173 | 98.76 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 4095600 | 3056431 | 74.63 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആമ്പല്ലൂർ) | 6 | 6 | 1985000 | 1985000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുലയറ്റിക്കര) | 2 | 2 | 241269 | 241269 | 100 |
| ഹെഡ് മാസ്റ്റർ, GLPS | 4 | 4 | 475634 | 470907 | 99.01 |
| വെറ്റിനറി സർജൻ | 5 | 5 | 410000 | 410000 (120000/- ഗ്ര.വി.) | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 250000 | 41.66 |

വകയിരുത്തിയ പല ഫണ്ടുകളും പഞ്ചായത്തിന് ലഭിക്കാത്തതുമൂലമാണ് ചെലവുകളിൽ കുറവ് വരാനിടയായിട്ടുള്ളത്. ഇപ്രകാരം കുറവ് ലഭിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ലഭിക്കാത്ത തുക | സ്ഥാപനം |
|---|---|---|
| കൃഷി ഓഫീസർ | 150000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 652474 | കേന്ദ്ര വിഹിതം |
| | 208500 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 137682 | ജില്ലാ പഞ്ചായത്ത് വിഹിതം |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 150000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 200000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| അസിസ്റ്റന്റ് സെക്രട്ടറി | 2500000 | സ്റ്റേറ്റ് വിഹിതം |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5109049 | 4261269 | (-) 847780 | (-) 16.59 |
| നികുതിയേതര വരവുകൾ | 741828 | 1184716 | 442888 | (+) 59.70 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) പലിശ = 611 മറ്റ് വരവ് = 27397 | 66005 | 28008 | (-)37997 | (-) 57.57 |
| ആകെ | 5916882 | 5473993 | (-)442889 | (-) 7.49 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക ത്തൊഴിലാളി പെൻഷൻ | 24 | 24 | 5 | - |
| 2 | തൊഴിൽ രഹിത വേതനം | 10 | 10 | 5 | - |
| 3 | വിധവാ പെൻഷൻ | 57 | 57 | 3 | - |
| 4 | വികലാംഗ പെൻഷൻ | 32 | 32 | 1 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 346 | 346 | 28 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 5091/-രൂപയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.10.2016 | 9/2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 2.7.2008 | 1997-98 മുതൽ 2007-08 വരെ | 29.8.2008 | - |

# 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2 .ബാലൻസ്ഷീറ്റ്
3.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ്
4.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ് മെന്റ്

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൈപ്പ് ലൈൻ നീട്ടൽ- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല

മേലോത്ത് റോഡ് പൈപ്പ് ലൈൻ നീട്ടൽ (എസ്.0175/16) എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി 3,00,000/-രൂപ (ഡി.ഡി.നം. 382491/14.9.2015) കേരള വാട്ടർ അതോറിട്ടിയിൽ (എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, മൂവാറ്റുപുഴ) അടച്ചിട്ടുണ്ട്. വിനിയോഗസർട്ടിഫിക്കറ്റ് പ്രകാരം പ്രോജക്ടിനായി 223417/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാത്ത ബാക്കി തുക 76583/-രൂപ വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ലഭിക്കുന്നതു വരെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വാട്ടർറിച്ച് ഡിസ്ട്രിക്ട് എന്ന പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 3,00,000/-രൂപ (ഡി.ഡിനം.382931/1.10.2015ബിൽ നം.17/15-16/30.9.2015) ജില്ലാ പഞ്ചായത്തിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിവരമോ ധനവിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല എന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചെലവു തുകയായ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ആദായനികുതി -ഈടാക്കിയില്ല.

A). 2015-16 വർഷത്തിൽ പ്രിന്റിംഗ് വർക്കുകൾക്ക് കരാർ നൽകിയിരിക്കുന്നത് M/s നയനാ പ്രിന്റേഴ്സിനാണ് (പഞ്ചായത്ത് കമ്മറ്റിയുടെ14-5-15ലെ 20ാം നം തീരുമാനം). തൻവർഷം പ്രിന്റിംഗ് ജോലികൾക്ക് 115360/- നൽകി. കേന്ദ്ര ആദായ നികുതി നിയമത്തിലെ 194c പ്രകാരം കരാർ ജോലികൾക്ക് ഒരു ബില്ലിൽ 30000 രൂപയോ സാമ്പത്തിക വർഷത്തിൽ ആകെ 75000 രൂപയോ, കരാർ വർക്കുകൾക്ക് പ്രതിഫലമായി നൽകിയാൽ സ്രോതസ്സിൽ നിന്നും വ്യക്തികൾക്കാണെങ്കിൽ 1%, സ്ഥാപനങ്ങൾക്കാണെങ്കിൽ 2% നിരക്കിലും നികുതി സ്രോതസ്സിൽ നിന്നും കിഴിവു നടത്തേണ്ടതാണ്. മേൽ നിയമം അനുസരിച്ച് കിഴിവു നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | ചെക്ക് നമ്പർ | തുക | കിഴിവു നടത്തേണ്ടതുക |
|---|---|---|---|---|
| 1 | 992 | 266917 dt 10.3.16 | 4000 | 80 |
| 2 | 929 | 266901 dt 25.2.16 | 4400 | 88 |
| 3 | 832 | 266813 dt 22.1.16 | 4900 | 98 |
| 4 | 650 | 266625 dt 11.12.15 | 18000 | 360 |
| 5 | 533 | 43747 dt.30.10.15 | 56424 | 1128 |

| | | | | |
|---|---|---|---|---|
| | | | | |
| 6 | 204 | 431532<br>dt. 3.2.16 | 27636 | 553 |
| | | ആകെ | 115360 | 2307 |

B). 2015-16 വർഷത്തിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾക്കുള്ള കരാർ നേടിയത് M/S സെബിൻ ഇലക്ട്രോണിക്സിനാണ്.(16-5-15ലെ1(5) തീരുമാനം.) ഇപ്രകാരം 919 C.F.L വിളക്കുകൾ റിപ്പയർ ചെയ്യതിനു 550/-നിരക്കിൽ വൗച്ചർ നം.21500271പ്രകാരം 500000/- നൽകിയെങ്കിലും നിയമപ്രകാരമുള്ള 2%നികുതി കിഴിവു നടത്തിയിട്ടില്ല.ആയതിനാൽ നികുതിഇനത്തിൽ കുറവു വന്ന 12307/-ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 വെള്ളക്കരം കുടിശികതുക - പിഴപലിശ ചുമത്തുന്നത്

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വെള്ളക്കരം അടച്ചപ്പോൾ സർക്കാർ ഉത്തരവ് 1501/2006/ത.സ്വ.ഭ.വ./23.6.2006, ജി.ഒ.ആർ.ടി.2242/2001/ ത.സ്വ.ഭ.വ./ 28.9.2011 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് മൂലം താഴെ പറയും പ്രകാരമുള്ള അപാകതകളുണ്ട്.

1. ജല അതോറിറ്റിയുടെ പ്രതിമാസ ബിൽ പ്രകാരം 457 കുടിവെള്ള ടാപ്പുകളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിന്റെ നിജസ്ഥിതി സംയുക്തപരിശോധന നടത്തിയിട്ടില്ല.

2. കുടിശിക തുകയായി വർഷാരംഭത്തിൽ അതായത് 4/15-16 ലെ ബിൽ പ്രകാരം 2002248 രൂപയാണ് . എല്ലാ മാസവും അതാത് മാസത്തെ തുക അടവാക്കുന്നുണ്ടെങ്കിലും കുടിശിക തുക അടവാക്കാത്തതുമൂലം 2015-16 -ൽ താഴെ പറയുന്ന പ്രകാരം വർഷം പിഴപലിശയും അതിൻമേൽ കൂട്ടുപലിശയും വാട്ടർ അതോറിറ്റി ചുമത്തിയിട്ടുണ്ട്.

| ക്രമ നം. | മാസം | വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം നൽകേണ്ട പിഴപലിശ |
|---|---|---|

| | | |
|---|---|---|
| 1 | 4/15-16 | 39275 |
| 2 | 5/15-16 | 40045 |
| 3 | 6/15-16 | 40830 |
| 4 | 7/15-16 | 41631 |
| 5 | 8/15-16 | 42448 |
| 6 | 9/15-16 | 43281 |
| 7 | 10/15-16 | 44130 |
| 8 | 11/15-16 | 44995 |
| 9 | 12/15-16 | 45877 |
| 10 | 1/15-16 | 46777 |
| 11 | 2/15-16 | 47695 |
| 12 | 3/15-16 | 48630 |
| | ആകെ | 525614 |

കൃത്യമായി അതാത് മാസത്തെ തുകയായ 199938/- രൂപ അടവാക്കിയിട്ടും കുടിശിക തുക വർദ്ധിച്ചു. 31.3.2016 ആയപ്പോഴേക്കും കുടിശിക തുക 2727785 രൂപയായിട്ടുണ്ട്. പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ അധികബാധ്യത വർദ്ധിക്കുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതും കുടിശ്ശിക തുക ഒഴിവാക്കി കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾ - പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിലെ അപാകതകൾ.

1) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 12 പ്രവൃത്തികളിൽ ടാറിംഗ് ഉൾപ്പെടുത്താതെ മെറ്റലിംഗ്/ സോളിംഗ് മാത്രം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഉദാ:-പ്രൊജക്ട് നം. S0046/16, S0047/16, S0056/16, S0073/16/

S0089/16, S0102/16/ S0104/16 , S0112/16, S0129/16, S0130/16, S0132/16, S0133/16. പൂർണ്ണമായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാത്തതു മൂലം പ്രവൃത്തിയുടെ ഫലം അതിന്റെ ഗുണഭോക്താക്കൾക്ക് ലഭിക്കാതെ വരുന്നു.

2) പ്രൊജക്ട് നം. S0063/16, S0068/16 എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സാനിറ്റേഷൻ/ വയറിംഗ് എന്നിവ ഉൾപ്പെടുത്താത്തതിനാൽ ഇപ്പോഴും പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

പ്രൊജക്ട് തയ്യാറാക്കുമ്പോൾ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം നിറവേറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരില്ല

ഗ്രാമ പഞ്ചായത്ത് 2015-16 വർഷത്തിൽ ആകെ 166 പ്രൊജക്ടാണ് നടപ്പിലാക്കിയത് (വകയിരുത്തിയത് 173 എണ്ണം). 108 പ്രൊജക്ടുകളിലായി 28752704/- രൂപ വകയിരുത്തിയെങ്കിലും 94 പ്രൊജക്ടുകളിലായി 1,96,17,227.00 രൂപയുടെ ചെലവാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയത്. ഇത്രയും ചെലവ് തുക കൈകാര്യം ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. നിലവിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസീയർ ഗ്രേഡ് III - മായി ആകെ മൂന്നു ജീവനക്കാർ മാത്രമാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർക്കും ഒരു ഓവർസീയർ ഗ്രേഡ് III നും മറ്റൊരു പഞ്ചായത്തിന്റെയും അധിക ചുമതല കൂടിയുണ്ട്. ഇപ്രകാരം അധിക ജോലി കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയില്ല. മാത്രവുമല്ല ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടും നടപ്പിലാക്കുവാൻ കഴിയുകയുമില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റ് നം /പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 41500 | S0028/16 / ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 41500 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 62318 | S0028/16 / ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 62318 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം.

| നിർവ്വഹണ | പ്രവൃത്തിയു | ബിൽ/ | തുക | ചെല | പൂർത്തീ | ബാക്കി |
|---|---|---|---|---|---|---|

| ഏജൻസി | ടെ പേര് | ചെക്ക്/ ഡിഡി. നമ്പർ | | വഴിച്ച തുക | ക രിച്ച വിവരം | തുക |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | വാട്ടർ റീച്ച് ഡിസ്ട്രിക്ട് | 382931/ 1.10.16 | 300000 | 0 | പൂർത്തീക രി ച്ചില്ല | 300000 |
| കേരള വാട്ടർ അതോറിറ്റി | മേലോത്ത് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 382491/ 14.9.2015 | 300000 | 223417 | പൂർത്തീക രിച്ചു | 76583 |

പണി പൂർത്തീകരിച്ചതിനു ശേഷം കേരള വാട്ടർ അതോറിറ്റിയുടെ കൈവശം ബാക്കിയുള്ള തുകയായ 76583/- രൂപ തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ പ്രൊജക്ട് പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 . (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവ ശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവ സാ ന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന പദ്ധതി | സ.ഉ. നം. 530/12ത.സ്വ.ഭ.വ. /18.2.2010 | 8733305 | 3732153 | 1649214 | 0 | 2082939 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 932084 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 77447 |
| ആകെ | 1009531 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1009531 |

(2015 -16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക്- | 289374 | FD-127/05-06 |
| കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക്- | 407498 | FD-15720 |
| ജില്ലാ സഹകരണ ബാങ്ക്- | 312659 | A/c-14385000000001 |
| ആകെ | 1009531 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 22440 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-1 | 2000 | മുഹമ്മദ്,മുടപ്പനാൽ | 2400002/18.4.2015 |
| | 2-1 | 2000 | മുഹമ്മദ്,മുടപ്പനാൽ | 11502400030/ 22.12.2015 |

| | | | | |
|---|---|---|---|---|
| | | | | |
| | 2-1 | 2000 | മുഹമ്മദ്,മുടപ്പനാൽ | 11502400029/ 22.12.2015 |
| 1998-99 | 23-2 | 80 | വിവരംലഭ്യമാക്കിയില്ല | 2100253/ 20.4.2015 |
| | 23-3 | 74 | വിവരംലഭ്യമാക്കിയില്ല | 2100254/ 20.4.2015 |
| | 34 | 60 | വിവരംലഭ്യമാക്കിയില്ല | 2100255/ 20.4.2015 |
| 2008-09 | 3-8 | 600 | കൃഷ്ണദാസ് | 11502105629/ 25.3.2016 |
| 2010-11 & 2011-12 | 3-1 | 6279 | ശ്രീ ധർമ്മ കീർത്തി | 11502102092/ 19.9.15 |
| | 3-2 | 4906 | ശ്രീ ധർമ്മ കീർത്തി | 11502102093/ 19.9.15 |
| | 2-1 | 1978 | മുരുകൻ, ഹരിത | 11502400035/26.2.2016 |
| | 2-1 | 2063 | മുരുകൻ,ഹരിത | 11502400036/26.2.2016 |
| 2013-14 & 2014-15 | 2-5 | 100 | പ്രഹ്ലാദൻ (സെൻട്രൽ ഗാർഡൻ) | 11502105372 / 19.3.16 |
| | 2-5 | 150 | ശ്രീവിദ്യടീച്ചർ | 11502105801 / 28.3.16 |
| | 2-5 | 150 | ചാക്കോ എം.ജെ. | 11502105 / 932/ 30.3.16 |
| ആകെ | | 22440 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03/7 | 2004-05/ 3.7.1.16.1 | ഷോപ്പിംഗ് കോംപ്ലക്സ് കറന്റ് ചാർജ് അടച്ചത്. | ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2001-02 / 5 | 2004-05 / 3.7.1.16.2 | തുകകൾ എഴുതി തള്ളിയത് ക്രമ പ്രകാരമല്ല | ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39130526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48846282 |
| വരവിനങ്ങളിലുള്ള നഷ്ടം | 1150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 376583 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 76583 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |
| 3-2 | 300000 | ശ്രീ ബിബിൻ ജോസഫ് , സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 3-4 തുക = 2307

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബിബിൻ ജോസഫ് , സെക്രട്ടറി | സെക്രട്ടറി , മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | എടയപുരയ്ക്കൽ ഹൗസ്, നാൽപത് മേനി , പുന്നക്കൽ റോഡ് , തിരുവമ്പാടി, കോഴിക്കോട് |
| ശ്രീമതി കുസുമം | വിരമിച്ചു | ഉഴുന്നുംകാലായിൽ, കാഞ്ഞിരമറ്റം പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.പി.(1)1339/98/12.11.98 | |
| 1997-98 | എൽ.എഫ്.ഇ.പി.(2)82/99 | |
| 1998-99 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000 | |
| 1998-99 (പദ്ധതി യിതര ചെലവ്) | എൽ.എഫ്.ഇ.പി.(4)1142/99/7.9.2000<br>എൽ.എഫ്.ഇ.പി 380/2000 /8.12.2000 | |
| 1999-00 | എൽ.എഫ്.ഇ.പി.(3)1258/01/ 8.10.2002 | |
| 2000-01 | എൽ.എഫ്.ഇ.പി.(4)60/03/ 1.9.2003 | |
| 2002-03 | എൽ.എഫ്.ഇ.പി. (4)637/04/ 10.2.2005/3.3.05 | |
| 2004-05 | എൽ.എഫ്.ഇ.പി.(6)1263/09 / 27.11.2010 | |
| 2005-06 | എൽ.എഫ്.ഇ.പി.(6) 1264/ 09/ 4.12.2010 | |
| 2006-07 | എൽ.എഫ്.ഇ.പി.(6)1265/09 /4.12.2010 | |
| 2007-08 | എൽ.എഫ്.ഇ.പി.(6)1266/09/ 4.12.2010 | |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.ഇ.പി.( 6) 1661/11/ 21.7.12 / 10.8.12 | |
| 2009-10 | എൽ.എഫ്.ഇ.പി.( 6)1671/2011/ 21.7.12/ 10.8.12 | |
| 2010-11 & 2011-12 | എൽ.എഫ്.ഇ.പി.( 6)813/13/ 22.6.13/ 5.7.13 | |
| 2012-13 | എൽ.എഫ്.ഇ.പി.( 6)489/ 14/ 17.5.14 | |
| 2013-14 & 2014-15 | എൽ.എഫ്.ഇ.പി.(6)1987/2015/8.1.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.(പി6) 1900/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

ഫോൺ നം.0484 2422271,

e-mail.doekm.ksad@gmail.com

തീയതി:3011.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure II

AUDIT CERTIFICATE

KSA-EKM (P6) 1900/2016

Kerala State Audit

District Audit Office,Ernakulam

Phone. 04842-422271

E-mail-doekm.ksad@gmail.com

Date. 30.11.2016

Certified that I have audited the Annual Financial Statement of Amballur Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Amballur Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director